ക്കപ്പെട്ട സ്ത്രീ തൊഴിലാളികളുടെ ജീവിത സാഹചര്യത്തെക്കുറിച്ചു പഠിക്കുന്നതിനായി 2004-ൽ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ പഠന സംഘത്തെ നിയോഗിച്ചിരുന്നു. പ്രസ്തുത പഠന സംഘം സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോൺട്രാക്ടർമാർ ലൈസൻസിലെ വ്യവസ്ഥകൾ ലംഘിച്ചാൽ സെക്യൂരിറ്റി ഡിപ്പോസിറ്റിൽ നിന്നും തുക ഈടാക്കി തൊഴിലാളികൾക്ക് നൽകാവുന്നതാണെന്ന് 1983-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി കുടിയേറ്റ തൊഴിലാളികൾ കൂടുതലായി കടന്നുവരുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ 8 ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളെയും മറ്റ് സൗകര്യങ്ങളെയും സംബന്ധിച്ച് തൊഴിലാളികൾക്ക് അറിവ് പകർന്ന് കൊടുക്കുകയും അവരുടെ സംശയങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നതിന് ഈ പരിപാടികൾ സഹായിച്ചിട്ടുണ്ട്. അനധികൃത കോൺട്രാക്ടർമാർ മുഖേന ജോലി തേടിപ്പോകുന്നതിന്റെ ഭവിഷ്യത്തുകൾ തൊഴിലാളികളെ ബോധ്യപ്പെടുത്തുന്നതിനും ഇത് ഉപകരിച്ചിട്ടുണ്ട്.

കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച പാസ് ബുക്ക് നൽകണമെന്നും അതിൽ വേതനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ കാണിച്ചിരിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

*4 [413] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, പി. സി. ജോർജ്:
,, സാജുപോൾ:
,, കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സർക്കാർ തീരുമാനിച്ചത് പ്രകാരം ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം അടച്ചുപൂട്ടുകയുണ്ടായോ; എങ്കിൽ ഏതൊക്കെ;

(ബി) സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് അടച്ചുപൂട്ടൽ ഭീഷണിയിൽ നിൽക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയിട്ടും വിജയിക്കാത്ത ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കേരള സോപ്പ്സ് ആൻറ് ഓയിൽസ് ലിമിറ്റഡ്, കേരള സെറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള കൺസ്ട്രക്ഷൻ കംപോണൻറ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ കെ.ടി.ഫയേഴ്സ് എന്നിവയുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുടർച്ചയായി ധനസഹായം നൽകിയിട്ടും ഒരു തരത്തിലും ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കാതെ കൂടുതൽ നഷ്ടം ഉണ്ടാക്കിക്കൊണ്ടിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ് ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയിൻ കീഴിൽ കൊണ്ടുവന്നശേഷം പ്രവർത്തനം നിർത്തലാക്കിയത്. ബി. ഐ. എഫ്. ആർ. നടപടിക്രമമനുസരിച്ചുള്ള പുനരുദ്ധാരണ പദ്ധതികളും നടപ്പിലാക്കാൻ സാധിക്കാത്തതിനാൽ ബി. ഐ. എഫ്. ആർ. ന്റെ നിർദ്ദേശമനുസരിച്ചും കമ്പനികളും നിർത്തലാക്കിയിട്ടുണ്ട്.

(സി) അടച്ചുപൂട്ടൽ ഭീഷണി ഒരു സ്ഥാപനവും നേരിടുന്നില്ല.

സ്മാർട്ട് കാർഡും സ്മാർട്ട് ഓപ്റ്റിക്കൽ കാർഡും

*5 [414] ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. മുരളി:
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈസൻസിനും ആർ. സി. ബുക്കിനും പകരമായി ഗതാഗത വകുപ്പ് സ്മാർട്ട് കാർഡ് ആണോ, സ്മാർട്ട് ഓപ്റ്റിക്കൽ കാർഡ് ആണോ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഇവ തമ്മിലുള്ള വ്യത്യാസം എന്താണ്;

(സി) ഇവയുടെ വിലയിൽ എന്തു വ്യത്യാസം വരും;

(ഡി) ലൈസൻസിനും ആർ. സി. ബുക്കിനും പകരമായി സ്മാർട്ട് കാർഡോ, സ്മാർട്ട് ഓപ്റ്റിക്കൽ കാർഡോ ഏർപ്പെടുത്തുന്ന നിർദ്ദേശം ഏതു ഘട്ടത്തിൽ ആരിൽ നിന്നുണ്ടായി എന്നുപറയുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമാണ് ലൈസൻസിനു സ്മാർട്ട് കാർഡും ആർ. സി. ബുക്കിനു സ്മാർട്ട് ഓപ്റ്റിക്കൽ കാർഡും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) സ്മാർട്ട് കാർഡിൽ കമ്പ്യൂട്ടർ ചിപ്പിൽ ഡേറ്റാ ശേഖരിക്കുമ്പോൾ സ്മാർട്ട് ഓപ്റ്റിക്കൽ കാർഡിൽ ഒപ്റ്റിക് സ്ട്രിപ്പിലും കമ്പ്യൂട്ടർ ചിപ്പിലുമായി ഡേറ്റാ ശേഖരിക്കാവുന്നതാണ്. കമ്പ്യൂട്ടർ ചിപ്പിൽ ശേഖരിക്കാവുന്നതിനേക്കാൾ കൂടുതൽ വിവരങ്ങൾ ഒപ്റ്റിക് സ്ട്രിപ്പിൽ ശേഖരിക്കാവുന്നതാണ്. സ്മാർട്ട് കാർഡിനേക്കാൾ സ്മാർട്ട് ഓപ്റ്റിക്കൽ കാർഡ് താരതമ്യേന കൂടുതൽ കാലം നിലനിൽക്കുന്നതാണ്.

(സി) സാമ്പത്തിക ദർഘാസ് തുറന്നാൽ മാത്രമേ ഇത് അറിയുവാൻ കഴിയുകയുള്ളൂ. ടെക്നിക്കൽ ടെണ്ടർ പരിശോധിച്ചുവരുന്നു. അതിൽ യോഗ്യത നേടുന്ന സ്ഥാപനങ്ങളുടെ സാമ്പത്തിക ദർഘാസ് മാത്രമേ പരിശോധിക്കുകയുള്ളൂ.

(ഡി) സ്മാർട്ട് കാർഡ്, സ്മാർട്ട് ഓപ്റ്റിക്കൽ കാർഡ് രൂപത്തിൽ ലൈസൻസും ആർ. സി. ബുക്കും നൽകുന്നതിനുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly